**"ഭരണഭാഷ - മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>
(നിലവിൽ: സബിൻ ജോസ് )

വിഷയം: ട്രെയിനിംഗ് ഡയറക്ടറേറ്റ് -ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ പ്രൊമോഷൻ– – തസ്തിക സ്ഥിരീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: – 1)31.05.1990 ലെ G.O(Ms)No.20/90/P&ARD നമ്പരായ ഉത്തരവ്.
2)25.4.1989 ലെ G.O(p) No.11/89/P&ARD നമ്പരായ ഉത്തരവ്.
3)വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുമുള്ള കത്തുകൾ.
4)ട്രെയിനിംഗ് ഓഫീസർ ആർ.ഐ സെന്റർ കോട്ടയം-ന്റെ 28.02.2020 തീയതിയിലെ B1/59/2018 നമ്പർ കത്ത്.
5)ട്രെയിനിംഗ് ഓഫീസർ ആർ.ഐ സെന്റർ പാലക്കാട് -ന്റെ 28.02.2020 തീയതിയിലെ P1/104/2020 നമ്പരായ കത്ത്.

**<u>ഉത്തരവ് നമ്പർ: DT/984/2020-A3 തീയതി:12/06/2020</u>**

വ്യാവസായിക പരിശീലന വകുപ്പിൽ 10 ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുണ്ട്. പരാമർശം 1 ലെ ഉത്തരവ് പ്രകാരം ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാർ UD Clerk/UD Typist തസ്തികകളിലേക്കുള്ള പ്രൊമോഷന് പരിഗണിക്കുന്നതിനായി LD Clerk/LD Typist ന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഓപ്ഷൻ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 25.4.1989 ലെ G.O(p) No.11/89/P&ARD ഉത്തരവിൽ LD Clerk തസ്തികയിലേക്ക് ഓപ്ഷൻ നൽകാത്ത ജീവനക്കാരെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് . ടി സാഹചര്യത്തിൽ പരാമർശം 2 പ്രകാരം വിവിധ സ്ഥാപനങ്ങൾ മുഖേന ജീവനക്കാർ സമർപ്പിച്ച ഓപ്ഷൻ ഫോമിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിലവിൽ സേവനത്തിലുള്ള 9 ക്ലാർക്ക് ടൈപ്പിസ്റ്റ് ജീവനക്കാർക്ക് അർഹമായ സമയത്തുണ്ടാകുന്ന UD Clerk/UD Typist തസ്തികകളിലേക്കുള്ള പ്രൊമോഷന് പരിഗണിക്കുന്നതിനായി ചുവടെ പറയും വിധം തസ്തിക സ്ഥിരീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 3 , പരാമർശം 4 എന്നിവ പ്രകാരം ശ്രീമതി .ഹെലൻ. കെ, ശ്രീ.വൈശാഖ് ഡി അശോക് , എന്നിവർ ക്ലാർക്ക് തസ്തികയിലേക്ക് ആദ്യം സമർപ്പിച്ച ഓപ്ഷൻ ഫോം പരിഗണിക്കേണ്ടതില്ലായെന്നും LD Typist തസ്തികയിലേക്ക് പരിഗണിക്കണമെന്നും കാണിച്ച ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടുണ്ട് . ആയത് പരിഗണിക്കുവാൻ കഴിയുന്നതല്ല . ടി ജീവനക്കാർ ആദ്യം സമർപ്പിച്ച ഓപ്ഷൻ ഫോമിന്റെ അടിസ്ഥാനത്തിൽ തസ്തിക സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് ,ഓപ്ഷൻ ഫോം എന്നിവ ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതാണ്.

| Sl No | ക്ലാർക്ക് ടൈപ്പിസ്റ്റ് ന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഓപ്ഷൻ (Clerk/Typist) | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീനാഥ് ബി.എസ് | സ്കൂട്ട് കേരള | ക്ലാർക്ക് | |
| 2 | രാജേഷ് വി.എസ് | ആർ.ഐ സി ചാക്ക | ക്ലാർക്ക് | |
| 3 | അമ്പിളി ആർ.ബി | ആർ.ഐ സി കൊല്ലം | ടൈപ്പിസ്റ്റ് | |
| 4 | സനീഷ് എസ് | ആർ.ഐ സി ആലപ്പുഴ | ക്ലാർക്ക് | |
| 5 | വൈശാഖ് ഡി അശോക് | ആർ.ഐ സി കോട്ടയം | ക്ലാർക്ക് | ടിയാൻ ആദ്യം സമർപ്പിച്ച ഓപ്ഷൻ ഫോം-ൽ ക്ലാർക്ക് തസ്തിക ആണ് opt ചെയ്തിട്ടുള്ളത്. |
| 6 | കുഞ്ഞുമോൾ റ്റി.എം | ആർ.ഐ സി കളമശ്ശേരി | ക്ലാർക്ക് | |
| 7 | അൻവർ .പി.എ | ആർ.ഐ സി തൃശ്ശൂർ | ക്ലാർക്ക് | |
| 8 | ഹെലൻ.കെ | ആർ.ഐ സി പാലക്കാട് | ക്ലാർക്ക് | ടിയാൻ ആദ്യം സമർപ്പിച്ച ഓപ്ഷൻ ഫോം ൽ ക്ലാർക്ക് തസ്തിക ആണ് opt ചെയ്തിട്ടുള്ളത്.ആയത് ടിയാന്റെ സേവന പുസ്തകത്തിൽ പതിച്ചിട്ടുമുണ്ട് |
| 9 | ഗീത കെ | ആർ.ഐ സി കോഴിക്കോട് | ക്ലാർക്ക് | |

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**<u>സ്വീകർത്താവ്</u>** :ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവി മുഖേന )

**<u>പകർപ്പ്</u>** :ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

**//ഉത്തരവിൻ പ്രകാരം//**

Reji.S

**സീനിയർ സൂപ്രണ്ട്**